**മധുരമായ കുട്ടികളേ – പരിധിയില്ലാത്ത ബാബയിൽ നിന്ന് സദാ സുഖത്തിന്റെ സമ്പത്ത് എടുക്കണമെങ്കിൽ എന്തൊക്കെ കുറവുകളുണ്ടോ അവയെ ഉപേക്ഷിക്കൂ. പഠിപ്പ് നല്ല രീതിയിൽ പഠിക്കൂ, പഠിപ്പിക്കൂ.**

**ചോദ്യം:–** ബാബയ്ക്ക് സമാനം സേവനത്തിന് നിമിത്തമാകുവാനായി ഏതൊരു ഗുണം മുഖ്യമായിട്ടും വേണം?
**ഉത്തരം:–** സഹനശീലതയുടെ ഗുണം. ദേഹത്തിന്റെ മേൽ കൂടുതൽ മോഹം വെയ്ക്കരുത്. യോഗബലത്തിലൂടെ കാര്യങ്ങൾ ചെയ്യണം. യോഗബലത്തിലൂടെ സർവ്വരോഗങ്ങളെയും ഇല്ലാതാക്കുമ്പോൾ ബാബയ്ക്കു സമാനം സേവനത്തിന് നിമിത്തമാകാൻ സാധിക്കും.

**ചോദ്യം:–** ഏത് മഹാപാപം ഉണ്ടാകുന്നതു കൊണ്ടാണ് ബുദ്ധിയുടെ പൂട്ട് ബന്ധിക്കപ്പെടുന്നത്?
**ഉത്തരം:–** ബാബയുടേത് ആയതിന് ശേഷം ബാബയുടെ നിന്ദ ചെയ്താൽ ആജ്ഞാകാരി, വിശ്വസ്തനാകുന്നതിന് പകരം ഏതെങ്കിലും ഭൂതത്തിന് വശീഭൂതരായി ഡിസ്സർവ്വീസ് ചെയ്യുന്നത്, അഴുക്കിനെ കളയാതിരിക്കുന്നത്, ഈ മഹാപാപത്തിലൂടെ ബുദ്ധിക്ക് പൂട്ട് വീഴുന്നു.

**ഗീതം:–** ആരാണെന്റെ മനസ്സിന്റെ വാതിൽക്കൽ വന്നത്...

**ഓം ശാന്തി**. ഭഗവാന്റെ വാക്കുകൾ– കുട്ടികൾക്കറിയാം പതീത പാവനനായ ജ്ഞാന സാഗരനായ നിരാകാരനായ ബാബ ഇരുന്ന് ആത്മാക്കളെ പഠിപ്പിക്കുകയാണ്. ശാസ്ത്രങ്ങൾ വായിക്കുന്നതൊക്കെ ഭക്തിമാർഗ്ഗമാണ്. സത്യ ത്രേതായുഗത്തിൽ ആരും വായിക്കുകയില്ല. ദ്വാപരയുഗം മുതലാണ് മനുഷ്യർ ഇതൊക്കെ വായിച്ചു കൊണ്ടിരിക്കുന്നത്. മനുഷ്യരാണ് ശാസ്ത്രങ്ങൾ ഉണ്ടാക്കിയത്. ഭഗവാനല്ല ഉണ്ടാക്കിയത്, വ്യാസ ഭഗവാനുമല്ല. വ്യാസൻ മനുഷ്യനായിരുന്നു. നിരാകാരനായ പരംപിതാ പരമാത്മാവിനെ സർവ്വരും ഓർമിക്കുന്നു. ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനാണെന്ന് കരുതുന്നത് മാത്രമാണ് തെറ്റ്. ജ്ഞാനസാഗരൻ ഞാനാണ് കൃഷ്ണനല്ല എന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ഈ പരിധിയില്ലാത്ത ലോകത്തിന്റെ ഹിസ്റ്ററി ജോഗ്രഫി ആദ്യം മുതൽ അന്ത്യം വരെ എങ്ങനെയാണ് അതായത് എങ്ങനെയാണ് ഈ ആത്മാക്കൾ വരുന്നത് ഇത് ബാബയ്ക്ക് മാത്രമേ അറിയുകയുള്ളു. മൂലവതനം, സൂക്ഷ്മവതനം പിന്നെ ഇതാണ് സ്ഥൂലവതനം. ഈ ചക്രം എങ്ങനെയാണ് കറങ്ങിക്കൊണ്ടിരിക്കുന്നതെന്ന ഈ ജ്ഞാനം നിരാകാരി, ബീജരൂപൻ, ജ്ഞാനസാഗരനായ എനിക്കല്ലാതെ മറ്റാർക്കും കേൾപ്പിച്ച് തരാൻ സാധിക്കില്ല. പിന്നീട് ഭക്തിമാർഗ്ഗം ആരംഭിക്കുമ്പോൾ ഭക്തർ തന്നെയാണിരുന്ന് ഈ ശാസ്ത്രങ്ങളൊക്കെ ഉണ്ടാക്കുന്നത്. ഈ ശാസ്ത്രങ്ങളൊക്കെ വീണ്ടും ഉണ്ടാക്കുക തന്നെ വേണം. ഇതുണ്ടാക്കുന്നത് അവസാനിപ്പിക്കും എന്നല്ല. ഭാരതത്തിന്റെ യഥാർത്ഥ ആദിസനാതന ധർമ്മം ദേവിദേവതാ ധർമ്മമാണ്. സത്യയുഗ ആദിയിൽ ദേവീദേവതകളുടെ രാജ്യമായിരുന്നു. ഭാരതവാസികൾ തന്റെ ധർമ്മത്തെക്കുറിച്ച് മറന്ന് പോയി. പാവനമായിരുന്നവർ ഇപ്പോൾ പതീതമായിത്തീർന്നു. അതുകൊണ്ടാണ് ഭഗവാൻ പറയുന്നത് ഞാൻ വന്ന് നിങ്ങളെ പതീത മനുഷ്യനിൽനിന്ന് പാവന ദേവതയാക്കുന്നു. ദേവതയാകുവാൻ വേണ്ടിയാണ് നമ്മൾ പഠിക്കുന്നതെന്ന് നിങ്ങൾക്കറിയാം. മനുഷ്യനിൽ നിന്നു ദേവതയാക്കാൻ ബാബയ്ക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. കാരണം ഇവിടെ സർവ്വരും പതീത ഭ്രഷ്ടാചാരികളാണ്. അവർ പിന്നെ എങ്ങനെ പാവന ശ്രേഷ്ഠാചാരികളാക്കും. ഈ പതീത ആസുരിയ ലോകം രാവണന്റെ രാജ്യമാണ്. രാജ്യഭരണമില്ല. രാമരാജ്യം രാവണരാജ്യം എന്ന് പറയാറുണ്ട്. ഭഗവാൻ വന്ന് രാമരാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നു. ഹേ ഭഗവാൻ, ഗീതയുടെ ജ്ഞാനം വീണ്ടും വന്ന് കേൾപ്പിക്കൂ എന്ന് പറയുന്നുണ്ട്. കൃഷ്ണനല്ല കേൾപ്പിക്കുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മളെ മനുഷ്യനല്ല പഠിപ്പിക്കുന്നത്. പഠിക്കുന്നത് സർവ്വരും മനുഷ്യാത്മാക്കളാണ്. പഠിപ്പിക്കുന്നത് നിരാകാരായ ഭഗവാനാണ്. എന്താണാക്കുന്നത് മനുഷ്യനിൽ നിന്നും ദേവത, ഇതാണ് ലക്ഷ്യം. സ്കൂളിൽ ലക്ഷ്യമില്ലാതെ ആർക്കെന്ത് പഠിക്കാൻ സാധിക്കും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഞങ്ങൾ വീണ്ടും മനുഷ്യനിൽ നിന്നും ദേവതയാകാൻ വന്നിരിക്കുകയാണ്. പഠിപ്പിക്കുന്ന ആളിനെക്കുറിച്ചും പൂർണമായി അറിയണം. പഠിപ്പിക്കുന്ന ബാബയുടെ പേരാണ് ശിവൻ. ഇത് ശാരീരിക പേരല്ല. മറ്റ് പഠിപ്പിക്കുന്ന ആത്മാക്കൾ തന്റേതായ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. ഓരോരുത്തർക്കും തന്റേതായ ശരീരമുണ്ട്. എനിക്ക് എന്റേതായ ശരീരം ഇല്ല എന്ന് ഒരേയൊരു പരംപിതാ പരമാത്മാവാണ് പറയുന്നത്. ഞാൻ ഈ ബ്രഹ്മാവിനെ ആധാരമായി എടുക്കുന്നു. ബ്രഹ്മാവിന്റെ ആത്മാവും പഠിക്കുന്നു. എന്നിട്ട് ആദ്യ നമ്പറിൽ ദേവതയാകുന്നു. ന്യൂമാൻ (പുതിയ മനുഷ്യൻ) ആയിരുന്നയാൾ ഇപ്പോൾ പഴയതായി. കൃഷ്ണനാണ് ഏറ്റവും ആദ്യത്തെ

ന്യൂമാൻ. പിന്നെ 84 ജന്മങ്ങൾക്ക് ശേഷം വന്ന് ബ്രഹ്മാവാകുന്നു. ഈ ബ്രഹ്മാവ് ശ്രീകൃഷ്ണനായിരുന്നു പിന്നെ പുനർജ്ജന്മം എടുത്തെടുത്ത് പതിതമായി. ഇപ്പോൾ വീണ്ടും ഞാൻ ഇദ്ദേഹത്തെ ബ്രഹ്മാവാക്കി. ബ്രഹ്മാവിൽ നിന്നും ശ്രീകൃഷ്ണനാകുന്നു. വൃക്ഷത്തിന്റെ ചിത്രത്തിൽ വ്യക്തമായി എഴുതിയിട്ടുണ്ട്. താഴെ ഇദ്ദേഹം ബ്രാഹ്മണ സ്വരൂപത്തിൽ തപസ് ചെയ്യുന്നു.

മുകളിൽ അതേ ബ്രഹ്മാവ് പതിത ലോകത്തിൽ നിൽക്കുന്നു. കൂടാതെ ഇവിടെ സംഗമത്തിൽ ഇപ്പോൾ തപസ് ചെയ്യുന്നു. തതത്വം, നിങ്ങൾ ആയിരുന്നു ദേവതകൾ പിന്നീട് പുനർജ്ജന്മം എടുത്തെടുത്ത് പതിത ശൂദ്രനായി. ഇപ്പോൾ വീണ്ടും നിങ്ങൾ പാവനരാകുന്നു. പതിത പാവനനായ പരംപിതാ പരമാത്മാവിലൂടെ നമ്മൾ പാവനമാകുകയാണെന്നറിയാം. എന്നെ ഓർമിക്കൂ എന്ന ഉപായം ബാബ പറഞ്ഞ് തന്നിരുന്നു. എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പാവനമായി തീരും. സത്യയുഗത്തിൽ മാത്രമേ ആത്മാവും ശരീരവും രണ്ടും പാവനമായി ഉണ്ടാവുകയുള്ളു. ഇവിടെ സർവ്വർക്കും പതിതമായ ശരീരമാണ് ലഭിക്കുന്നത്. ഏറ്റവും മോശമായ ഭ്രഷ്ടാചാരം കാമവികാരമാണ്. വിഷത്തിലൂടെ ജന്മമെടുക്കുന്നവരെയാണ് ഭ്രഷ്ടാചാരികളെന്ന് പറയുന്നത്. സത്യയുഗത്തിൽ ആരും തന്നെ ഭ്രഷ്ടാചാരികളാകുന്നില്ല. കാരണം അവിടെ വിഷമില്ല. കൃഷ്ണനെ സമ്പൂർണ്ണ നിർവ്വികാരി എന്നു പറയുന്നു. പിന്നീട് നിർവികാരി തന്നെ വികാരിയാവുന്നു. സത്യ ത്രേതായുഗത്തിൽ വികാരം കാണില്ല. അതുകൊണ്ടാണ് ബാബ പറയുന്നത് ഈ അഞ്ചു ഭൂതങ്ങളുടെ മേൽ വിജയിക്കണം. ബാബയാണ് വികാരിലോകത്തെ നിർവികാരിയാക്കുന്നത്. ധാരണ ഒട്ടും തന്നെ ഉണ്ടാകാത്തവരായും ചിലരുണ്ട്. ക്രോധത്തിന്റെ ഭൂതം, ലോഭത്തിന്റെ ഭൂതം, മോഹത്തിന്റെ ഭൂതം പൂർണമായും കറുപ്പിക്കുന്നു. ഏറ്റവും മോശമായത് കാമവികാരമാണ്. ദേഹാഭിമാനം വരുമ്പോഴാണ് അതും വരുന്നത്. ബാബ പറയുന്നു – തന്നെ ആത്മാവാണെന്ന് മനസിലാക്കൂ. ആത്മാവിലാണ് ജ്ഞാനത്തിന്റെ സംസ്കാരം ഉള്ളത്. ഇപ്പോൾ ആത്മാവിന്റെ ജ്ഞാനത്തിന്റെ സംസ്കാരം പൂർണമായും ഇല്ലാതായി.

ബാബ പറയുന്നു – എന്നെ ഓർമ്മിക്കൂ. മനുഷ്യർ സാകാരത്തെയാണ് ഓർമ്മിക്കുന്നത്. ഭക്തിയിൽ വീണു കിടക്കുകയാണ്. ഗുരു, പണ്ഡിതൻ അല്ലെങ്കിൽ ഏതെങ്കിലും ദേവതകളെ ഓർമ്മിക്കുന്നു. ബദ്രീനാഥ്, അമർനാഥിൽ പോകുമ്പോൾ കല്ലിനെ ഇരുന്ന് പൂജ ചെയ്യും. ശിവന്റെ ക്ഷേത്രത്തിൽ പോകുന്നുണ്ട് എന്നാൽ ശിവൻ അച്ഛനാണെന്നുള്ളത് ആർക്കുമറിയില്ല. ഇതിനെയാണ് അന്ധവിശ്വാസം എന്ന് പറയുന്നത്. ബാബ എപ്പോഴാണ് വന്നത്, എങ്ങനെയാണ് വന്നത് എന്നത് ആർക്കുമറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സർവ്വതും മനസ്സിലാക്കി തരുന്നു. നിങ്ങളിലും ഭൂതങ്ങൾ പ്രവേശിക്കാത്ത നല്ല സൽപുത്രന്മാരായ, വിശ്വസ്തരായ, ആജ്ഞാകാരികളായ കുട്ടികൾ കുറച്ച് പേരേയുള്ളു. ഭൂതങ്ങൾ പ്രവേശിച്ചാൽ വളരെ ബുദ്ധിമുട്ടിക്കുന്നു. വളരെ ഡിസ്സർവ്വീസ് ചെയ്യുന്നു. എങ്കിൽ പദവിയും കുറഞ്ഞതേ ലഭിക്കൂ. പുണ്യാത്മാവ് ആകുന്നതിന് പകരം ഒന്നു കൂടി പാപാത്മാവ് ആകുന്നു. ഒന്നാമത് ദേഹാഭിമാനമാണ്, രണ്ടാമതായി പിന്നെ മറ്റ് വികാരങ്ങൾ വരുന്നു. ലോഭത്തിന്റെ ഭൂതവും വരുന്നു. പാൽകോവ, വെണ്ണ എന്നിവ കഴിക്കണം എന്ന് ആഗ്രഹം ഉണ്ടാകുന്നു. ഇത് വന്നപ്പോൾ തൊട്ടുണ്ട് പക്ഷെ ഇപ്പോൾ അവസ്ഥ പരിപക്വമാകണം. ലോഭത്തിന്റെ ഭൂതവും പദവി ഭ്രഷ്ടമാക്കും. പകുതി കല്പം ഈ ഭൂതങ്ങൾ ശല്യപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ പുണ്യാത്മാവാകുന്നു കൂടാതെ ആക്കുന്നു എന്ന് പറഞ്ഞവർ തന്നെ പാപാത്മാവാകുന്നു. പേര് മോശമാക്കുന്നു. നിങ്ങളുടെ ഉള്ളിൽ ക്രോധത്തിന്റെ ഭൂതമുണ്ടെങ്കിൽ നിങ്ങളെങ്ങനെ മറ്റുള്ള ഭക്തരുടെ ഭൂതത്തെ ഇറക്കും. ദേഹാഭിമാനത്തിന്റെ എന്തെങ്കിലും തലതിരിഞ്ഞ പെരുമാറ്റം കണ്ടാൽ റിപ്പോർട്ട് ചെയ്യൂ. ധർമ്മരാജന്റെ അടുത്ത് രജിസ്റ്റർ ഉണ്ട്. പിന്നെ ശിക്ഷകൾ അനുഭവിക്കേണ്ട സമയം നിങ്ങൾ ഈ ഭൂതങ്ങൾക്ക് വശപ്പെട്ട് വളരെ പേരെ ബുദ്ധിമുട്ടിപ്പിച്ചു എന്ന് നിങ്ങൾക്ക് സർവ്വ സാക്ഷാത്കാരവും ലഭിക്കും. ചില കുട്ടികൾ ക്രോധത്തിന്റെ അഗ്നിയിൽ കത്തിമരിക്കുന്നു. ആത്മാവ് പൂർണ്ണമായും കറുത്തു പോകുന്നു. ഡിസർവ്വീസ് ചെയ്താൽ ബാബ ബുദ്ധിയുടെ പൂട്ട് ബന്ധിക്കും. അവരിൽ നിന്ന് പിന്നെ സേവനമൊന്നും നടക്കില്ല. അന്ത്യത്തിൽ ബാബ സാക്ഷാത്കാരം തരുമ്പോൾ പിന്നെ വളരെ പരവശപ്പെടും. അതുകൊണ്ട് കുട്ടികളെ ഇങ്ങനെയുള്ള കാര്യമൊന്നും ചെയ്യരുത്. തലതിരിഞ്ഞ പെരുമാറ്റം ഉണ്ടായാൽ റിപ്പോർട്ട് ചെയ്യൂ എന്ന് ബാബ പറയുന്നു. ദേഹ അഭിമാനം കാരണം ഇവർ പോയി ദാസദാസിയാകും എന്ന് ബാബയ്ക്ക് മനസിലാവുന്നു. പ്രജയിലും കുറഞ്ഞ പദവിയേ ലഭിക്കൂ. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ അലങ്കാരം ചെയ്യുന്നു എന്നിട്ടും പരിവർത്തനപ്പെടുന്നില്ല. ഇപ്പോളാണ് പരമപിതാ പരമാത്മാവ് വന്ന് ജ്ഞാനത്തിന്റെ അലങ്കാരം ചെയ്ത് സത്യയുഗത്തിലെ മഹാരാജാ മഹാറാണിയാക്കുന്നത്. ഇതിൽ സഹനശീലത വളരെ നന്നായി വേണം. ദേഹത്തിന്റെ മേൽ കൂടുതൽ മോഹം ഉണ്ടാകരുത്. യോഗബലത്തിലൂടെ കാര്യങ്ങൾ നടത്തണം. ബ്രഹ്മാബാബയും വൃദ്ധനാണ് എന്നാൽ യോഗത്തിലൂടെ നിലനിൽക്കുന്നു. ചുമയൊക്കെയുണ്ട് എന്നാലും സേവനം ചെയ്യുന്നു. ബുദ്ധി ഉപയോഗിച്ച് എത്ര സേവനം ചെയ്യേണ്ടതായുണ്ട്. ഇത്രയും കുട്ടികളെ സംരക്ഷിക്കണം, അതിഥികൾക്ക് വേണ്ടി തയ്യാറെടുപ്പ് നടത്തണം. എത്ര ഭാരമാണ്.

വിചാരങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. അഥവാ ഏതെങ്കിലും കുട്ടിയുടെ മോശമായ പെരുമാറ്റം ഉണ്ടായാൽ പേര് ചീത്തയാകും. ഇവർ ഇങ്ങനെയുള്ള ബ്രഹ്മാകുമാർ കുമാരികളാണോ? എന്ന് പറയും. അപ്പോൾ പേര് ബ്രഹ്മാവിന്റേതല്ലേ. അതുകൊണ്ടാണ് പറയുന്നത് ഗുരുവിനെ നിന്ദിക്കുന്നവർ.... ഇത് സദ്ഗുരുവിനെക്കുറിച്ചാണ് പറയുന്നത്. ഈ കലിയുഗീ ഗുരുക്കന്മാർ പിന്നെ തങ്ങളെക്കുറിച്ചാണെന്നാക്കി. അതുകൊണ്ട് മനുഷ്യർ അവരെ കണ്ട് ഭയപ്പെടുന്നു. ഗുരുജിയെങ്ങാനും ശപിച്ചാലോ. ഇവിടെ അങ്ങനെയുള്ള കാര്യമൊന്നുമില്ല. തന്റെ പെരുമാറ്റത്തിലൂടെ തന്നെ ശപിക്കുന്നു. കുട്ടികൾക്ക് തന്റെ ഭാവിയെക്കുറിച്ച് വിചാരം വേണം. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുന്നില്ല എങ്കിൽ കല്പ കല്പാന്തരം ഇതേ അവസ്ഥയായിരിക്കും. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. എന്നിട്ടും ചിലർ അഴുക്കിനെ കളയുന്നില്ല. പിന്നെ പിരിഞ്ഞ് പോകുന്നു അഥവാ മരിച്ചിട്ട് നരകത്തിലേക്ക് വീഴുന്നു. പഠിത്തം ഉപേക്ഷിക്കുന്നു. ചില കുട്ടികൾ നന്നായി നടക്കുന്നു. ചിലർ ഈശ്വരീയ ജന്മമെടുത്ത് എട്ടു പത്തുവർഷമായതിനുശേഷവും മരിച്ചുപോകുന്നു അഥവാ വിടപറയുന്നു. ലൗകീക അച്ഛനും സൽപുത്രന്മാരായ കുട്ടികളെ കണ്ട് സന്തോഷിക്കാറുണ്ട് എന്നാലും സംഖ്യാക്രമമനുസരിച്ചല്ലേ ! ചിലർ സെന്ററുകളിലും ബുദ്ധിമുട്ടിക്കുന്നു. വലിയ മുള്ളായി തീരുന്നു. കുടുംബാംഗമായതിനു ശേഷം നിന്ദിച്ചാൽ മഹാപാപാത്മാവായി തീരുന്നു. അതുകൊണ്ട് മനസിലാക്കി തരുന്നു– ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സുഖത്തിന്റെ ആസ്തിയെടുക്കാനാണ് അതുകൊണ്ട് സർവ്വകുറവുകളേയും കളയണം. സ്കൂളിൽ പാസ്സാകാൻ പോകുന്ന കുട്ടികൾ പന്തയം വെയ്ക്കുന്നു– ഞാൻ എൺപത് മാർക്കോടു കൂടി പാസാകും, തൊണ്ണൂറ് മാർക്കോടു കൂടി പാസ്സാകും. പിന്നെ പാസ്സാകുമ്പോൾ സന്തോഷത്തിന്റെ വാർത്ത പരസ്പരം കൈമാറുന്നു. ഇത് പരിധിയില്ലാത്ത പഠിത്തമാണ്. സൂര്യവംശി ആകുമോ അല്ലെങ്കിൽ ചന്ദ്രവംശിയാകുമോ അതും അറിയാൻ സാധിക്കും. ചന്ദ്രവംശികൾ രാജാറാണിയാകുമ്പോൾ അവരുടെ മുന്നിൽ സൂര്യവംശികൾ രണ്ടാം നമ്പറിലാകുന്നതുപോലെയാണ്. രാമൻ സീതയുടെ രാജ്യം നടക്കുമ്പോൾ ലക്ഷ്മീ നാരായണൻ ചെറുതാകുന്നു. സൂര്യവംശി എന്ന പേര് തന്നെ ഇല്ലാതാകുന്നു. ഈ ജ്ഞാനം വളരെ രമണീയമാണ്. ആരാണോ ശ്രീമത്തനുസരിച്ച് നടക്കുന്നത് അവർക്ക് നല്ല ധാരണയുണ്ടാകും. അവർ പിന്നീട് ഉയർന്ന പദവി നേടും. ശിവബാബയ്ക്ക് ഭക്തിമാർഗ്ഗത്തിലും പാർട്ടുണ്ട്, ജ്ഞാന മാർഗ്ഗത്തിലും പാർട്ടുണ്ട്. ശങ്കരന്റെ കർത്തവ്യം വിനാശം ചെയ്യുക എന്നത് മാത്രമാണ്. ശങ്കരന്റെ എന്ത് മഹിമ പാടാനാണ്. ശിവബാബയ്ക്കും ബ്രഹ്മാബാബയ്ക്കും വളരെ മഹിമയുണ്ട്. 84 ന്റെ ചക്രത്തിൽ ബാബയുടേതാണ് നമ്പർ വൺ പാർട്ട്. അവർ പിന്നെ ശിവനേയും ശങ്കരനേയും ഒന്നിപ്പിച്ചു. ശിവബാബയ്ക്കാണ് ഏറ്റവും വലിയ പാർട്ട്. സർവ്വ കുട്ടികളെയും സന്തോഷിപ്പിക്കുക എന്നത് എത്ര പ്രയാസമുള്ള കാര്യമാണ്.
പിന്നീട് പോയി വിശ്രമിക്കുന്നു.ബ്രഹ്മാവിന് 84 ജന്മങ്ങളുടെ പാർട്ടാണ്. ഇസ്ലാമികളും ബൗദ്ധികളുമൊക്കെ പിന്നീടാണ് വരുന്നത്. അവർ ആൾറൗണ്ട് പാർട്ടഭിനയിക്കുന്നില്ല. ആൾറൗണ്ട് പാർട്ടഭിനയിക്കുന്നവർക്ക് എത്ര സുഖമുണ്ടായിരുന്നിരിക്കും ! നമ്മളും സ്വർഗത്തിന്റെ അധികാരികളാകുന്നു. ഭാരതത്തിനെ സ്വർഗമെന്ന് പറയുന്നു. എത്ര സന്തോഷമുണ്ടായിരുന്നിരിക്കും, നാം നമുക്കുവേണ്ടി സ്വർഗരാജ്യം സ്ഥാപിക്കുന്നു. മറ്റുള്ളവർക്കും മനസ്സിലാക്കികൊടുക്കണം. എങ്കിൽ അവരും വന്ന് തന്റെ ജീവിതമുണ്ടാക്കും. നിങ്ങൾ സ്വർഗത്തിന്റെ ആസ്തി പരംപിതാ പരമാത്മാവിൽ നിന്നും എടുക്കുവാൻ വന്നിരിക്കുകയാണ്. ബുദ്ധിയിൽ ലക്ഷ്യമില്ലായെങ്കിൽ ഇവിടെയിരുന്ന് എന്ത് ചെയ്യും. ബ്രാഹ്മണർ ബ്രാഹ്മാമുഖ വംശാവലികളാണ്. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കുട്ടികളെ തന്റേതാക്കുന്നു. എത്ര കുട്ടികളാണ്. ബ്രഹ്മാവിന്റേതാകാതെ ശിവബാബയിൽ നിന്നും ആസ്തി എടുക്കുവാൻ സാധിക്കില്ല. ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, അവിടെ ഭൂതങ്ങളൊന്നും ഉണ്ടായിരുന്നില്ല.ഒരു ഭൂതമെങ്കിലും ഉണ്ടെങ്കിൽ വ്യഭിചാരിയെന്ന് വിളിക്കും. ഭൂതങ്ങളെയൊക്കെ പൂർണ്ണമായും ഓടിക്കണം. ബാബയ്ക്ക് വളരെ പേർ കത്ത് എഴുതി അയയ്ക്കുന്നുണ്ട്– ബാബാ കാമത്തിന്റെ ഭൂതം വന്നു എന്നാൽ രക്ഷപ്പെട്ടു. ബാബ പറയുന്നു – കുട്ടികളേ, കൊടുങ്കാറ്റുകൾ വളരെയധികം വരും എന്നാൽ കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു കർമ്മവും ചെയ്യരുത്. ഭൂതങ്ങളെ ഓടിക്കണം. ഇല്ലായെങ്കിൽ സൂര്യവംശി, ചന്ദ്രവംശിയാകാൻ സാധിക്കില്ല. ധ്യാനത്തിൽ പോകുക എന്നത് നല്ലതല്ല. കാരണം മായ വളരെയധികം പ്രവേശിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്. അനേകരുടെ ശാപം ലഭിക്കത്തക്ക രീതിയിലുള്ള പെരുമാറ്റം ഉണ്ടാകരുത്. തന്റെ ഭാവിയെക്കുറിച്ചുള്ള വിചാരം വെച്ച് പുണ്യകർമ്മം ചെയ്യണം.

2) ഉള്ളിൽ എന്തൊക്കെ അഴുക്കാണോ ഉള്ളത്, ദേഹാഭിമാനം കാരണം ഭൂതങ്ങൾ പ്രവേശിച്ചിട്ടുള്ളത് അവയെ കളയണം. ജ്ഞാനത്താൽ തന്റെ അലങ്കാരം ചെയ്ത് സൽപുത്രനാകണം.

## വരദാനം:- ബിസിയായി കഴിയുന്നതിന്റെ സഹജമായ പുരുഷാർത്ഥത്തിലൂടെ നിരന്തര യോഗിയും, നിരന്തര സേവാധാരിയുമായി ഭവിക്കൂ

ബ്രാഹ്മണ ജന്മം തന്നെ സദാ സേവനത്തിന് വേണ്ടിയുള്ളതാണ്. എത്രത്തോളം സേവനത്തിൽ ബിസിയായി കഴിയുന്നോ അത്രയും സഹജമായി തന്നെ മായാജീത്താകും. അതുകൊണ്ട് അൽപമെങ്കിലും ബുദ്ധിക്ക് സമയം ലഭിച്ചാൽ സേവനത്തിൽ ഏർപ്പെടൂ. സേവനമില്ലാതെ സമയം പാഴാക്കരുത്. സങ്കൽപത്തിലൂടെ സേവനം ചെയ്യൂ, അല്ലെങ്കിൽ വാക്കിലൂടെ ചെയ്യൂ, അല്ലെങ്കിൽ കർമ്മത്തിലൂടെ ചെയ്യൂ. തന്റെ സമ്പർക്കത്തിലൂടെയും പെരുമാറ്റത്തിലൂടെയും സേവനം ചെയ്യാൻ സാധിക്കും. സേവനത്തിൽ ബിസിയായി കഴിയുന്നത് തന്നെയാണ് സഹജമായ പുരുഷാർത്ഥം. ബിസിയായി കഴിയുകയാണെങ്കിൽ യുദ്ധത്തിൽ നിന്ന് മുക്തമായി നിരന്തരയോഗിയും നിരന്തര സേവാധാരിയുമാകും.

## സ്ലോഗൻ:- ആത്മാവിനെ സദാ ആരോഗ്യവാനാക്കി വയ്ക്കണമെങ്കിൽ സന്തോഷത്തിന്റെ ടോണിക്ക് കഴിച്ചുകൊണ്ടേയിരിക്കൂ.